LIBRARY ARCHIVES Kerala Legislative Assembly

തീരദേശ പാക്കേജ്

269(575) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെ തീരദേശ പാക്കേജായി എത്ര കോടി രൂപയാണ് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുകയാണ് ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

പുനർഗേഹം പദ്ധതി

270(576) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് ബഡ്ജറ്റുകളിലായി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിരുന്നത്; വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇനം തിരിച്ച് നൽകാമോ?

ആറ് ബഡ്ജറ്റുകളിലായി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതവും ടി വിഹിതത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി ചെലവഴിച്ച കണക്കുകളും അനുബന്ധമായി ചേർക്കുന്നു.*

(ബി) പുനർഗേഹം പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി വിഹിതം നൽകിയിട്ടുണ്ട്; എത്ര വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പുനർഗേഹം പദ്ധതിക്കായി ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 200 കോടി രൂപ അനുവദിക്കുകയും 158.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 368 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി 1174 പേർക്കുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.